Janayugom 6-12-18, p-11

# മുണ്ടകൻ പാടങ്ങളിൽ ഇലകരിച്ചിൽ വ്യാപകം

വടക്കാഞ്ചേരി: തെക്കുംകര പഞ്ചായത്തിലെ മുണ്ടകൻ നെൽകൃഷി ചെയ്ത പാടങ്ങളിൽ ബാക്ടീരിയൽ ഇലകരിച്ചിൽ വ്യാപകം, കർഷകർ ആശങ്കയിൽ.

പാടശേഖരങ്ങളിൽ രോഗത്തിന്റെ പ്രാഥമിക ലക്ഷണങ്ങൾ പ്രകടമായി കണ്ടു തുടങ്ങിയിട്ടുണ്ട്. ഈ സാഹചര്യത്തിൽ പ്രതിരോധ നടപടികൾ സ്വീകരിക്കണമെന്ന് അധികൃതർ കർഷകരോട് അഭ്യർത്ഥിച്ചു.

പ്രതിരോധ നടപടി യുടെ ഭാഗമായി നെൽപ്പാടങ്ങളിലെ വെള്ളം വരുന്ന കഴകളിൽ ബ്ലീച്ചിങ്ങ് പൗഡർ കിഴികെട്ടി ഏക്കറിന് രണ്ടുകിലോ തോതിൽ ഇടണം. സ്യൂ ഡോമോണാസ് പത്ത്ഗ്രാം ഒരു ലിറ്റർ വെള്ളത്തിൽ ഇരുപതു ഗ്രാം പുതിയ ചാണകതെളിയിൽ ചേർത്ത് തളിയ്ക്കണം.

രോഗം കൂടുതലാവുന്ന സാഹചര്യത്തിൽ സ്ട്രെപ്റ്റോസൈക്ലിൻ എന്ന ബാക്ടീരിയ നാശിനി നുപ്പത്ഗ്രാം ഇരുനൂറ് ലിറ്റർ വെള്ളത്തിൽ ചേർത്ത് തളിയ്ക്കണം. രോഗം വളരെ പെട്ടെന്ന് വ്യാപിക്കുമെന്നതിനാൽ രോഗം വരാത്ത പാടങ്ങളിലും മുൻകരുതൽ സ്വീകരിക്കണമെന്ന് തെക്കുംകര കൃഷി ഓഫീസർ പി.ജി.സുജിത് അറിയിച്ചു.



ഇല കരിച്ചിൽ ബാധിച്ച പാടശേഖരം